ലെപ്രവറ്റ്.3.—1. പുവർ ലെപ്രസി ഹോസ്പിറ്റൽ, ഗ്രീൻ ഗാർഡൻസ്, ചേർത്തല, ആലപ്പുഴ.

2. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊഴുകുള്ളി, തൃശ്ശൂർ.

3. സാൽവേഷൻ ആർമി ലെപ്രസി ഹോസ്പിറ്റൽ, പുത്തൻ കുരിശ്, എറണാകുളം.

(സി) നൂറനാട് 993 ഉം കൊരട്ടിയിൽ 610 ഉം ചേവായൂർ 263 ഉം കിടക്കകളുണ്ട്. എത്ര രോഗികളെ വീതം പാർപ്പിച്ചിട്ടുണ്ടെന്നു വിവരം ശേഖരിച്ചു വരുന്നു.

(ഡി) പരാതികൾ കിട്ടിയിട്ടുണ്ട്. ആവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ഇ) ഉണ്ട്. സ്ത്രീകളുടെ വാർഡിന്റെ റിപ്പയർ നടത്താനുള്ള അടിയന്തിര നടപടിയെടുത്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ഹോമിയോ ആശുപത്രി

550 [805] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഹോമിയോ ആശുപത്രി എന്നാണ് സ്ഥാപിതമായത്.

(ബി) ഈ ആശുപത്രികെട്ടിടം പണിക്കുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിച്ചിട്ടുള്ള കിടക്കകളോടുകൂടിയ ആശുപത്രി പ്രവർത്തനം നടത്താൻ ഇന്നത്തെ കെട്ടിടത്തിൽ കഴിയാതിരിക്കുന്ന പരിതസ്ഥിതി പരിഗണിച്ച് പുതിയ കെട്ടിടം പണിയാനുള്ള നടപടി അടിയന്തിരമായും സ്വീകരിക്കാമോ?

ഉത്തരം

(എ) പാലക്കാട് ഹോമിയോ ആശുപത്രി പ്രവർത്തനം ആരംഭിച്ചത് 1974 മാർച്ച് മാസം മുതലാണ്.

(ബി & സി) 1978-79 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് തുകയില്ലാത്തതുകൊണ്ടാണ് കെട്ടിടം പണിയാതിരുന്നത്. എന്നാൽ ഈ ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് വേണ്ട സ്ഥലവും 50,000 രൂപയും നൽകാമെന്ന് മുനിസിപ്പാലിറ്റി ഹോമിയോപ്പതി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. വാഗ്ദാനം പരിഗണിച്ചു മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly